(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കുമ്പളം ദ്വീപിലുള്ള റോഡ്

1146 [2083] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളം പഞ്ചായത്തിലെ കുമ്പളം ദ്വീപിലുള്ള ഫ്ലഡ് പി. ഡബ്ലിയു. ഡി. റോഡ് വാഹനഗതാഗത യോഗ്യമല്ലെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് ടാർ ചെയ്യണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ആയതിന് എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) കുമ്പളം ദ്വീപിൽ വാഹനഗതാഗതയോഗ്യമായ മറ്റൊരു റോഡും ഇല്ലെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗതാഗതയോഗ്യമാണ്.

(ബി, സി) ഉണ്ട്.

(ഡി) പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം മാത്രമേ ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയൂ.

പെരുമ്പിലാവ്—കടങ്ങോട്—പാറപ്പുറം റോഡ്

1147 [2084] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ എം. എൽ. എ. റോഡായ പെരുമ്പിലാവ്—കടങ്ങോട്—പാറപ്പുറം റോഡ് ടെണ്ടർ കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞുവെങ്കിലും ഇതുവരെ പണി തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പണി ഉടൻതന്നെ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മുൻപ് തയ്യാറാക്കിയ പ്രപ്പോസലിൽ ചില മാറ്റങ്ങൾ വേണ്ടിവന്നതാണ് കാലതാമസത്തിനുണ്ടായ കാരണം.

പ്രസ്തുത റോഡിന്റെ പണി നടത്തുന്നതിന് കരാറുകാരന് സിലക്ഷൻ നോട്ടീസ് കൊടുത്തിട്ടുണ്ട്. കാലതാമസം ഇനിയും ഉണ്ടാകാതെ പണി നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കരാറുകാരന് നൽകിയിട്ടുണ്ട്.

വെട്ടത്തുകവല—പാമ്പാടി റോഡ്

1148 [2087] ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെട്ടത്തുകവല—പാമ്പാടി റോഡ് വീതി കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് എടുക്കുവാൻ തയ്യാറാകുമോ;

(സി) ഈ റോഡിന്റെ പണി എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) എസ്റ്റിമേറ്റ് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

കരമന—വാണിയമ്മൂല—ജഗതി റോഡ്

1149 [2089] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര ഗവൺമെന്റ് കാർട്ടേഴ്സിലെ താമസക്കാർക്കും നാട്ടുകാർക്കും യാത്രയ്ക്കുള്ള ഏക അവലംബമായ കരമന—വാണിയമ്മൂല—ജഗതി റോഡിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ അറകുറപ്പണി തീർത്ത് റീടാർ ചെയ്യുന്നത് സംബന്ധിച്ചുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) ഈ റോഡിന്റെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റോഡിന്റെ കരമന മുതൽ വാണിയമ്മൂല വരെയുള്ള ഭാഗത്തിന്റെ അറകുറപ്പണികൾ ചെയ്യാൻ ഏർപ്പാട് ചെയ്തുകഴിഞ്ഞു. ശേഷിച്ച ഭാഗത്തിന്റെ ടാറിംഗ് നടത്താൻ ഏർപ്പാട് ചെയ്യേണ്ടതുണ്ട്.

(സി) മുകളിൽ പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ആദ്യം പറഞ്ഞ ഭാഗം മൂന്നുമാസം കൊണ്ട് പൂർത്തിയാകും. ബാക്കിയുള്ളത് ഏർപ്പാട് ചെയ്യേണ്ടതുണ്ട്.

കുഴിമണ്ണ—ഓമന്നൂർ റോഡ്

1150 [2091] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴിമണ്ണ—ഓമന്നൂർ റോഡ് സർക്കാർ ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കുഴിമണ്ണ തവനൂർ ഓമന്നൂർ എന്ന റോഡ് ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly